**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 434** **28-06-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ വനിതാ കോളേജിലെ നിർമ്മാണ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ കൃഷ്ണമേനോൻ സ്മാരക വനിതാ കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള അക്കാദമിക് ബ്ലോക്ക്, ലൈബ്രറി ബ്ലോക്ക്, ക്യാന്റീൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 10-11-2017-ലെ സ.ഉ(കൈ)നം.284/2017/ ഉ.വി.വ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.എസ്.ഐ.ടി.ഐ.എൽ സമർപ്പിച്ച വിശദമായ റിപ്പോർട്ട് കിഫ്ബി പരിശോധിക്കുകയും 11-02-2020-ൽ 7.15 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തു. തുടർന്ന്, ഭരണ വകുപ്പ് പുറപ്പെടുവിച്ച 17-07-2020-ലെ സ.ഉ (കൈ) നം.941/2020/ഉ.വി.വ നമ്പർ പുതുക്കിയ ഭരണാനുമതി ഉത്തരവ് പ്രകാരം 08-03-2021-ൽ 10,13,65,642/- രൂപയുടെ ധനാനുമതി കിഫ്ബി നൽകുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ കിഫ്ബി പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി 18-05-2022-ൽ കിഫ്ബി വിളിച്ചു ചേർത്ത യോഗത്തിൽ ടി പദ്ധതി ആരംഭിച്ചിട്ടില്ല എന്ന് എസ്.പി.വി അറിയിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | കിഫ്ബി പുറപ്പെടുവിക്കുന്ന ധനാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സാങ്കേതിക അനുമതി ലഭ്യമാക്കുക, ടെണ്ടർ ക്ഷണിക്കുക തുടങ്ങി പ്രവൃത്തി ആരംഭിക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട എസ്.പി.വി ആണ്. എന്നാൽ, ടി നടപടികൾ കെ.എസ്.ഐ.ടി.ഐ.എൽ യഥാസമയം കൈക്കൊള്ളാത്തതിനാലും ഡി.എസ്.ആർ 2018 നിലവിൽ വന്നതിനാലും പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി കെ.എസ്.ഐ.ടി.ഐ.എൽ അറിയിച്ചിട്ടുണ്ട്. |
| (സി) | ഇവ വേഗത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | ഡി.എസ്.ആർ 2018 പ്രകാരം പുതുക്കിയ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നിലവിലെ ചട്ടങ്ങൾക്കനുസൃതമായി തൃപ്തികരമാകുന്ന പക്ഷം തുടർന്നുള്ള കിഫ് ബോർഡ് |

| | | | |
|---|---|---|---|
| | | | യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കി ധനാനുമതി ഉത്തരവ്വ പുറപ്പെടുവിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.  അതിന്റെ അടിസ്ഥാനത്തിൽ, പ്രവൃത്തി ആരംഭിക്കേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടത് കെ.എസ്.ഐ.ടി.ഐ.എൽ ആണ്. |

സെക്ഷൻ ഓഫീസർ